# ADAMIC MASTER PLAN 2025 – 2026

## ST.MARY'S C G H S OLLUR





**ADDRESS**
**ST.MARY'S C G H S OLLUR,PIN 680306,THRISSUR**

**PH NO : 0487 23 52 127**
**E MAIL : stmarysollur@gmail.com**
**Websight:www.stmaryscghsollur.org**


**SCHOOL CODE:22062**
**SUB DISTRICTG: CHERPPU**
**REVENUE DISTRICT:THRISSUR**

# ACADEMIC MASTER PLAN

# 2025-2026

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ജീവിച്ചിരിക്കുന്നതിനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം. ഓരോ വിദ്യാലയത്തിലും വർഷം തോറും നടപ്പിലാക്കേണ്ട ആക്കാദമിക പ്രവർത്തങ്ങളും നൂതന പദ്ധതികളും ഉൾക്കൊള്ളുന്ന കരട് രൂപമാണല്ലോ അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതു വിദ്യാഭ്യാസത്തിൻറെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന, മാറ്റങ്ങൾ വികസന സൂചികകൾ, സർക്കാർ നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ കേന്ദ്ര സരക്കാരിൻറെ ദേശീയ വിദ്യാഭാസ നയത്തിൻറെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്.വിദ്യാഭ്യാസ വകുപ്പ്, എസ്. എസ് . കെ , എം.പി , എം.എൽ. എ, പി, ടി, എ, മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുകയും , അവയോട് ചേർന്നുള്ള  പദ്ധതികൾക്ക് രൂപം നൽകുകയും വേണം.

വിദ്യാഭ്യാസത്തിൻറെ സമഗ്ര പുരോഗതി ലക്ഷ്യമാക്കികൊണ്ട് നിലവിലുള്ള അവസ്ഥ വിശകലനം കൃത്യമായി നടപ്പിലാക്കി നിലവിലെ മികവുകളും, പരിമിതികളും പൂർണ്ണമായി തിരിച്ചറിഞ്ഞു അവയെ ഉൾക്കൊണ്ടുകൊണ്ട് തയ്യാറാക്കിട്ടുള്ളതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

കഴിഞ്ഞ അധ്യയന വർഷത്തിൽ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രധാനപ്പെട്ട കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ സാധിച്ചു. പ്രധാനമായും ICT Bosed Smart Class Rooms എല്ലാ ക്ലാസ്സുകളിലും ഉറപ്പു വരുത്തുന്നതിനും കമ്പ്യൂട്ടർ ലാബുകൾ നവീകരിക്കുന്നതിനും ലൈബ്രറി പണി കഴിപ്പിക്കുന്നതിനും സാധിച്ച് വലിയൊരു നേട്ടമായിരുന്നു . എസ്. എസ്. എൽ. സി

പരീക്ഷക്ക് കുട്ടികളെ വേണ്ട വിധം ഒരുക്കുന്നതിനും പ്രേത്യേകമായി Slow Leaners നെ കൂടുതൽ ശ്രദ്ധിക്കുന്നതിന് സാധിച്ചതിൻറെ ഫലമായി 100 % വിജയവും 56 Full A + ഉം , 9 A + എന്നിവ കരസ്ഥമാക്കുന്നതിന് സാധിച്ചു .

ഭാഷാതലത്തിലും ഗണിതതലത്തിലും നിലനിൽക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കാൻ എല്ലാ കുട്ടികൾക്കും പ്രേത്യേകിച്ച് VIII ആം ക്ലാസ്സിലെ കുട്ടികൾക്ക് വേണ്ടി വിവിധ പഠന പ്രവർത്തങ്ങൾ ഒരുക്കിയിട്ടുണ്ട് . കൂടാതെ കുട്ടികളുടെ പഠനത്തിന് സഹായമാകുന്ന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവരെ മികവുറ്റതാക്കാൻ പി ടി എയുടെ പിന്തുണയോടെ തീരുമാനിച്ചിട്ടുണ്ട്. അതിൻറെ വിശദംശങ്ങൾ താഴെ ചേർക്കുന്നു .

# വിദ്യാലയ ചരിത്രം

ഒരു നൂറ്റാണ്ട് മുൻപ് വിദ്യാഭ്യാസ സ്ഥാപങ്ങൾ പ്രത്യേകിച്ച് പെൺകുട്ടിക്കൾക്കുള്ളവ വളരെ വിരളമായിരുന്ന കാലഘട്ടത്തിലാണ് സെൻറ് മേരീസ് വിദ്യാലയത്തിൻറെ ആരംഭം . തൃശ്ശൂർ നഗരത്തിൽ നിന്നും ഏഴ് കിലോമീറ്റർ തെക്ക് കിഴക്കായി വി. എവുപ്രാസ്യമ്മയുടെ മഠത്തിന് സമീപം സെൻറ് മേരീസ് കോൺവെൻറ് ഗേൾസ് സ്കൂൾ , പനംകുറ്റിച്ചിറ, ഒല്ലൂർ എന്ന പേരിൽ 125 വർഷങ്ങൾക്ക് മുൻപ് ഈ വിദ്യാലയ കേന്ദ്രം സ്ഥാപിക്കപ്പെട്ടു. 1903 -ൽ പുതിയ സ്കൂൾ കെട്ടിടത്തിൻറെ പണി തീരുകയും 1906 -ൽ വിദ്യാലയം സർക്കാർ അജ്ഞതയിൽ കീഴ്പ്പെടുകയും ഗ്രാൻഡ് ലഭിച്ചു തുടങ്ങുകയും ചെയ്തു. ആദ്യത്തെ അദ്ധ്യാപകൻ എന്ന ബഹുമതിയോടെ തൃശൂരിലെ ശ്രീ. പൂങ്കുഴി രാമവാര്യർ ജോലിയിൽ പ്രവേശിച്ചു. അദ്ദേഹമായിരുന്നു ഈ വിദ്യാലയത്തിൻറെ പ്രഥമ അദ്ധ്യാപകൻ . സമുനിതമായ പാരമ്പര്യം നിലനിർത്തി ഈ സ്ഥാപനത്തെ വിജയത്തിൻറെ ഉന്നതിയിലേക്ക് നയിച്ച ശ്രീമതി എം.പി. ആനി ടീച്ചർക്ക് ഏറ്റവും നല്ല അദ്ധ്യാപികയുടെ 2002 ലെ നാഷണൽ അവാർഡ് ലഭിക്കുകയുണ്ടായി ഈ സ്ഥാപനത്തിലെ ഇപ്പോഴത്തെ ഹെഡ് മിസ്ട്രെസ്സ് സി. സിബിയ തെരേസാണ്. പി. ടി. എ യുടെ നിസ്തുലമായ സേവനങ്ങൾ പരിഗണിച്ച് 2021 -2022 ലെ CH.Mohammed Koya Award ഫോർ ദി best PTA ഈ വിദ്യാലയത്തിന് ലഭിച്ചു. 1944 വരെ ഏഴാം ക്ലാസ്സ് വരെ മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ . പ്രഥമ എസ്.എസ്.എൽ. സി ബാച്ച് 1946 -ൽ പരീക്ഷ എഴുതി

HEAD MISTRESS

BABY K D

SRG CONVENER

SMT. SARITHA A KANICHAI

FIRST ASSISTANT

SHANI J THATTIL

TEACHER : 32

NON TEACHING STAFF :5

TOTAL STUDENTS : 752

TOTAL STUDENTS HS: 462

TOTAL STUDENTS UP : 290

## വികസനത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിൻറെ ഭാഗമായി കുട്ടികളുടെ വികസനം ലക്ഷ്യമാക്കി നൽകേണ്ടതായിട്ടുള്ള പാഠ്യ പഠ്യേതര പ്രവർത്തന പദ്ധതികൾ
- പഠന വിടവ് നികത്തുന്നതിനുള്ള പഠന പ്രവർത്തങ്ങൾക്ക് പ്രാധാന്യം നൽകുന്നു
- സമൂഹ മാധ്യമങ്ങളിലൂടെയുള്ള പ്രവർത്തങ്ങൾ
- യോഗ , ഹോക്കി, കരാട്ടെ ക്ലാസുകൾ
- തൊഴിൽ ഉദ് ഗ്രഥിത വിദ്യാഭ്യാസ പരിശീലന ക്ലാസ്സുകൾ
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ
- അഥിതി തൊഴിലാളികളുടെ മക്കളായുള്ള പ്രത്യേക പ്രവർത്തങ്ങൾ
- അധ്യാപകരെയും വിദ്യാർത്ഥികളെയും ആരോഗ്യകരമായ മനസ്സിനുടമകളാക്കാൻ പ്രാപ്തമാക്കുന്ന തരത്തിലുള്ള മൂല്യാധിഷ്ഠിത ക്ലാസ്സുകൾ

## പ്രതീക്ഷിത നേട്ടങ്ങൾ

- തുടർച്ചയായി 100 % വിജയം, Full A + കളുടെ എണ്ണത്തിൽ വർദ്ധനവ്
- തുടർച്ചയായി 100 % വിജയം Full A + കളുടെ എണ്ണത്തിലുള്ള വർദ്ധനവ്

- വിദ്യാലയത്തിൻറെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തി പഠന പിന്നോക്ക വാസ്ഥ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ
- പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തങ്ങൾ
- പഠ്യേതര പ്രവർത്തങ്ങളിൽ കുട്ടികളെ കഴിവുകൾ വികസിപ്പിക്കൽ

## **<u>വേറിട്ട പ്രവർത്തങ്ങൾ</u>**

- സാമൂഹിക അവബോധം സൃഷ്ടിക്കാൻ ഉതകുന്ന വിവിധ പ്രവർത്തങ്ങൾ
- സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി നടത്തുന്ന ബോധവത്കരണ ക്ലാസുകൾ
- സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികൾക്ക് സഹായം
- പൊതിച്ചോറ് പദ്ധതി
- കമ്മ്യൂണിറ്റി ക്ലീനപ്പ് : സ്കൂളിൻറെ സമീപ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഹെൽത്ത് സെൻറർ ക്ലീൻ ചെയ്യുന്നു
- മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു
- സ്കൂളും ചുറ്റുപാടുകളും കുട്ടികളുടെ കഴിവനുസരിച്ച് മനോഹരമാക്കുന്നു
- ഓൾഡേജ് ഹോമുകൾ സന്ദർശിക്കുന്നു

# മലയാളം

ലക്ഷ്യം

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- എഴുത്തും വായനയും ഉറപ്പിക്കൽ
- സർഗാത്മക സൃഷ്ടിയിൽ ഏർപ്പെടുത്തുന്നതിന്
- ആത്മവിശ്വാസത്തോടെ കാര്യങ്ങൾ അവതരിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നു
- വിദ്യാർത്ഥികളുടെ വ്യക്തികതമായ  സർഗാത്മക സൃഷ്ടികളിലൂടെ ക്ലാസ്സ് മാഗസിൻ തയ്യാറാക്കുന്നു

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം . വികസനം ആശയ സംവേദനം നടത്താൻ പ്രാപ്തരാക്കുന്നു | ക്ലാസ്സുകളിൽ കേട്ടെഴുത്ത് സംഘടിപ്പിക്കുന്നു . അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു പത്രങ്ങളിൽ നിർദേശിക്കുന്ന പദങ്ങൾ കണ്ടെത്തി എഴുതുന്നു ചിത്രങ്ങളുടെ | ജൂൺ | മലയാളം അദ്ധ്യാപകർ | PTA MANAGEMENT | |

| | | | | | | |
|---|---|---|---|---|---|---|
| | | സഹായത്താൽ പദങ്ങൾ എഴുത്തുന്നു<br>ചിത്രങ്ങൾക്ക് അടിക്കുറുപ്പ് തയ്യാറാക്കൽ | | | | |
| 2 | കുട്ടികളെ മികച്ചതും അർത്ഥ പൂർണമായ വായനക്കാരാക്കുന്നു | ആനുകാലിക പ്രസിദ്ധീകരങ്ങളുടെ വായന<br>വായന കുറിപ്പ് / പതിപ്പ്<br>ക്ലാസ്സുകളിൽ പത്രവായന നടത്തുന്നു<br>വായിച്ച വർത്തകളെക്കുറിച്ചു ചർച്ച<br>വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുന്നു<br>പ്രധാന വാർത്തകളെ ഏകീകരിക്കുന്നു | അക്കാദമിക വർഷം | മലയാളം അധ്യാപകർ | PTA മാനേജ്മെൻറ് | |
| 3 | കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കൽ | ചുമർ പത്രം തയ്യാറാക്കൽ<br>കയ്യെഴുത്തു മാസിക തയ്യാറാക്കുന്നു<br>പാഠ ഭാഗവുമായി ബന്ധപ്പെട്ട് നാടകാവതാരങ്ങൾ<br>വിദ്യ രംഗം കലാ സാഹിത്യ വേദിയുടെ പ്രവർത്തങ്ങളിലെ പങ്കാളിത്തം ഉറപ്പ് വരുത്തൽ | ഓഗസ്റ്റ് , സെപ്റ്റംബർ | വിദ്യാരംഗം, കലാസാഹിത്യ വേദി , മലയാളം അധ്യാപകർ | PTA മാനേജ്മെൻറ് | |

| | | | | | | |
|---|---|---|---|---|---|---|
| 4 | ആത്മവിശ്വാസത്തോടെയുള്ള അവതരങ്ങൾ | തയ്യാറാക്കിയ പത്രവാർത്തകൾ സ്ക്കൂൾ അസ്സംബ്ലിയിൽ അവതരിപ്പിക്കുന്നു മികച്ച പ്രഭാഷണങ്ങൾ ICT യുടെ സഹായത്താൽ കേൾപ്പിക്കുന്നു പ്രസംഗവതാരങ്ങൾ കവിതാലപങ്ങൾ | അക്കാദമിക വർഷം | മലയാളം അധ്യാപകർ | PTA മാനേജ്മെൻറ് | |
| 5 | രക്ഷിതാക്കളുടെ പങ്കാളിത്തം | സന്ദർഭത്തിനനുസരിച്ചു സ്വന്തം ഭാഷയിൽ എഴുതി ആശയങ്ങൾ തയ്യാറാക്കുന്നതിനായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വീടുകളിൽ അവസരമൊരുക്കുന്നു | അക്കാദമിക വർഷം | മലയാളം അധ്യാപകർ | PTA മാനേജ്മെൻറ് | |
| 6 | സാഹിത്യരചനകൾ പരിചയപ്പെടുത്തുന്നു | പ്രശസ്ത സാഹിത്യക്കാരൻമാരുടെ കഥ , കവിത, അനുഭവക്കുറിപ്പ്, തുടങ്ങിയ സർഗാത്മക സൃഷ്ടികൾ നടത്തുന്നതിന് നിർദ്ദേശിക്കുന്നു | ജൂലൈ | മലയാളം അധ്യാപകർ, രക്ഷിതാക്കൾ | PTA മാനേജ്മെൻറ് | |
| 7 | അക്ഷര തിളക്കം ചിത്ര വായന | ICT യുടെ സഹായത്താൽ വിവിധ | ഡിസംബർ | മലയാളം അധ്യാപകർ | PTA മാനേജ്മെൻറ് | |

| | | | | | | |
|---|---|---|---|---|---|---|
| | | കഥകളുടെ ചിത്രങ്ങൾ കുട്ടികളുടെ മുന്നിൽ പ്രദർശിപ്പിച്ച് അവ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു ഇതിലൂടെ സ്വന്തം ആശയം അവതരിപ്പിക്കുന്നതിനുള്ള ആത്മവിശ്വാസം വർദ്ധിക്കുകയും ചെയ്യുന്നു | | | | |

# ENGLISH

- Enable students to communicate confidently in English
- Prepare for Independent reading and Encourage Independent writing
- Provide Opportunities for expression in English
- Enabling technology opportunities for English Languages development'

| Sl No | AREA | ACTIVITY | | | | |
|---|---|---|---|---|---|---|
| 1 | To communicate English with confidence | • English Assembly<br>• English Library<br>• English Fest<br>• English Magazie | Academic year | English Teachers | | |
| 2 | To give chance for expression and presentations in English | Presenting script for rol play choreography of famous poems, Visual presentation of role play and choreography | Academic year | English Teachers | | |
| 3 | Developing English language using ICT | Opportunities to watch English movies | Academic year | English Teachers | | |
| 4 | Conducting Debates | Giving opportunities to listen conversation of native speakers | Twice in Academic year | English Teachers, English Club | PTA English Teacher | |
| 5 | Formation of English club | Formation of English club discussions regarding the activities done through out the year<br>Membership to students to the teachers | July first week | English Teachers | | |

| | | | | | | |
|---|---|---|---|---|---|---|
| | | Give name for club inauguration<br>4 Seminar on different topics in literature will be presented by one of the English teacher in the school | | | | |
| 6 | Formation of magazine committee | Competition will be conducted on different areas In arts and literature like verification, short story, article writing, script writing Cover page designing | July-Aug | English Teachers | PTA Teachers English Club | |

# HINDI

ലക്ഷ്യം

- സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുന്നതിനും വായിക്കുന്നതിനും സംസാരിക്കുന്നതിനുമുള്ള കഴിവ് വളർത്തുക
- ഒരോ യൂണിറ്റിലും ലഭിക്കേണ്ടതായ പഠന നേട്ടം എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പ് വരുത്തുക
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷ പഠനത്തിലൂടെ ഭാഷ സ്നേഹവും ദേശ സ്നേഹവും വളർത്തുക
- ഭിന്ന ശേഷി കുട്ടികൾക്കായി അനുയോജ്യമായ പഠന പ്രവർത്തങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | ആത്മവിശ്വാസത്തോടെ ഹിന്ദി ആശയ വിനിമയം നടത്താൻ അവസരമൊരുങ്ങുന്നു | ഹിന്ദി സംസാരിക്കാൻ അവസരമൊരുക്കുന്നു (ദൈനം ദിന ക്ലാസ്സ് റൂം സംഭാഷങ്ങൾ , ഗ്രൂപ്പ് ചർച്ചകൾ )<br>ഹിന്ദി സംവാദങ്ങൾ , പ്രസംഗങ്ങൾ<br>ഹിന്ദി പ്രവർത്തങ്ങൾ ശക്തമാക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | | |
| 2 | ഹിന്ദി വായനയും എഴുത്തും പ്രോൽസാഹിപ്പിക്കുന്ന | ഹിന്ദി പുസ്തകങ്ങൽ, മാഗസീനുകൾ, പത്രം, എന്നിവ വായിക്കാൻ പ്രോസാഹിപ്പിക്കുന്നു<br>ഹിന്ദി സർഗാത്മക രചനകൾ (കവിത , | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | ലേഖനങ്ങൾ, നടത്താൻ അവസരമൊരുക്കുന്നു | | | | |
| 3 | ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക | ഹിന്ദി സിനിമകൾ കാണാൻ അവസരമൊരുക്കുന്നു ഹിന്ദി , റഫസ്റ്റ്, ഹിന്ദി ഡേ എന്നി പരിപാടികൾ സംഘടിപ്പിക്കുന്നു വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുള്ള ഹിന്ദി സാഹിത്യ ശില്പശാലകൾ നടത്തുന്നു | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | | |
| 4 | സാങ്കേതിക വിദ്യയുടെ ഉപയോഗം | ഹിന്ദി ഭാഷ വികസനത്തിനായി സാങ്കേതിക വിദ്യ സാധ്യതകൾ (ഓൺ ലൈൻ ആപ്ലിക്കേഷനുകൾ ഓഡിയോ വിഡിയോ ഉറവിടങ്ങൾ ) പ്രയോഗനപ്പെടുത്തുക | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | | |
| 5 | ഹിന്ദി അടിസ്ഥാനം ഉറപ്പിക്കൽ | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങൾ അടങ്ങിയ പുസ്തകം വായിക്കാൻ | ജൂൺ | ഹിന്ദി അദ്ധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | നൽകുന്നു | | | | |
| 6 | നാമം സർവ്വനാമം , വിശേഷം, എന്നിവ മനസിലാക്കുന്നു | ചാർട്ടുകൾ നൽകി സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു | ആഗസ്റ്റ്, സെപ്റ്റംബർ | | | |

# സംസ്കൃതം

<u>പഠന ലക്ഷ്യങ്ങൾ</u>

- സംസ്കൃത പഠനത്തിൽ താത്പര്യം ഉണ്ടാക്കുന്നു . ഭാഷാപഠനം രസകരമായി
- വാക്യങ്ങൾ പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും
- വായിക്കാനും എഴുതുന്നതും തിരിച്ചറിയുന്നതിനുള്ള കഴിവ് നേടുന്നു
- അക്ഷരങ്ങൾ വ്യക്തതയോടെ ഉച്ചരിക്കാനും വാക്യങ്ങൾ, ശുഭാഷിതങ്ങൾ, ലഘുകവിതകൾ, എന്നിവ വായിക്കുവാനും  എഴുതുവാനും ആലപിക്കാനും കഴിവ് നേടുന്നു
- സംകൃത ഭാഷയിൽ സംസാരിക്കാനുള്ള കഴിവ് നേടുന്നു
- പൗര ധർമ്മം , ലിംഗ സമത്വം, ജനാതിപത്യം എന്നീ മൂല്യങ്ങൾ ഉൾകൊള്ളുന്ന തലമുറയെ സൃഷ്ടിക്കുന്നു.
- സംസ്കൃതോത്സവങ്ങൾ ദിനാചരങ്ങൾ, പ്രദർശനങ്ങൾ, എന്നിവ സംഘടിപ്പിക്കുന്നതിനും , അവതരിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നു

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | | റിമാർക്ക് |
|---|---|---|---|---|---|---|---|
| 1 | സംസ്കൃത ക്ലബ് രൂപീകരണം | UP H S വിഭാഗം സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾ എല്ലാം സംസ്കൃത ക്ലബ്ബിൻറെ അംഗങ്ങളായി പ്രവർത്തിക്കുന്നു. ക്ലബ്ബ് രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ച നടത്തി ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു | | ജൂൺ | സംസ്കൃതം അധ്യാപകർ | | |
| | | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | വായന സംഘ രൂപീകരണം | അക്ഷരം, വാക്ക് , വാക്യം, എന്നിവയിൽ വായന വൈഭവമുള്ള കുട്ടികളെ കണ്ടെത്തുന്നു<br>10 ൽ താഴെ അംഗങ്ങളുള്ള ഗ്രൂപ്പുകളായി തിരിയുന്നു, ഗ്രൂപ്പിന് പേര് നൽകുന്നു' | അക്കാദമിക വർഷം ജൂൺ | സംസ്കൃതം അധ്യാപകർ | PTA മാനേജ്മെൻറ് | |
| 3 | വായന കാർഡ് നിർമ്മാണം | ചിത്രരചന പാടവമുള്ള കുട്ടികളെ ഉൾപ്പെടുത്തി ക്ലാസ്സ് അടിസ്ഥാനത്തിൽ കാർഡുകൾ തയ്യാറാക്കുന്നു | ഒക്ടോബർ | സംസ്കൃതം അധ്യാപകർ | PTA മാനേജ്മെൻറ് | |
| 4 | മാതൃക വചനം | കുട്ടികൾക്ക് മനസിലാകാത്ത വിധത്തിൽ കൃത്യമായി ഉച്ചാരണത്തോട് കൂടി വായിച്ചു കൊടുക്കൽ ഉച്ചാരണ സ്ഥാനങ്ങളെ ഉറപ്പിക്കൽ<br>ICT ഉപയോഗിച്ച് ശബ്ദങ്ങളും വാക്കുകളും കേൾപ്പിച്ച് വായന ദൃഢപ്പെടുത്തുന്നു | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകർ | PTA മാനേജ്മെൻറ് | |
| 5 | പ്രതിഭ സംഗമം | സംകൃതജ്ഞമാരെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു പാഠഭാഗങ്ങളിലൂടെ പരിചയപ്പെട്ട സംകൃതജ്ഞമാരെ പരിചയപ്പെടുത്തുന്നു മഹദ് വ്യക്തികളെ | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകർ | PTA മാനേജ്മെൻറ് | |

| | | | | | | |
|---|---|---|---|---|---|---|
| | | പരിചയപ്പെടുത്തുന്നു . ഇതിലൂടെ ഉന്നതന്മാരാകണമെന്ന് ബോധ്യപ്പെടുത്തുന്നു | | | | |
| 6 | ഗ്രന്ഥ ശാല പരിചയം | ഗ്രന്ഥ ശാല പരിചയപ്പെടുത്തുന്നു നല്ല പുസ്തകങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു നല്ല പുസ്തങ്ങൾ വായിക്കേണ്ടതിൻറെ ആവശ്യകത മനസ്സിലാക്കുന്നു | ജനുവരി | സംസ്കൃതം അധ്യാപകർ | PTA മാനേജ്മെൻറ് | |
| 7 | ചിത്രീകരണം | പാഠഭാഗങ്ങളുടെ ചിത്രീകരണം ഡോക്യൂമെൻററികൾ , റീലുകൾ സംസ്കൃത ലഘു ചിത്രങ്ങൾ ചിത്രീകരിക്കാൻ പരിശീലിപ്പിക്കുന്നു | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകർ | PTA മാനേജ്മെൻറ് | |

# സയൻസ്

**<u>പൊതുലക്ഷ്യങ്ങൾ</u>**

- ശാസ്ത്ര പഠനത്തിൽ  താൽപര്യം വളർത്തുക , ശാസ്ത്ര ബോധം, ശാസ്ത്ര മനോഭാവം എന്നിവ വികസിപ്പിക്കുക
- ശാസ്ത്രത്തിൻറെ രീതി സ്വായക്തമാക്കാനുള്ള അനുഭവം ഒരുക്കുന്നു
- ശാസ്ത്ര പ്രക്രീയ ശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | സയൻസ് ക്ലബ് രൂപീകരണം | സയൻസ് ക്ലബ്ബ് രൂപീകരണവുമായി ബന്ധപ്പെട്ട് ചർച്ച തീരുമാനം SRG യിൽ തീരുമാനിച്ചു | ജൂൺ | സയൻസ് അദ്ധ്യാപകർ | | |
| 2 | ലഹരി വിരുദ്ധ പ്രചാരണം | ലഹരി വിരുദ്ധ സെമിനാർ, റാലി, പോസ്റ്റർ, പ്ലക്കാർഡ് മത്സരം, ബോധ വത്ക്കരണ ക്ലാസുകൾ | ജൂലൈ | സയൻസ് അദ്ധ്യാപകർ | | |
| 3 | സയൻസ് ലാബ് ക്രമീകരണം | വിഷയത്തിൻറെയും ക്ലാസ്സിൻറെയും | ജൂൺ | സയൻസ് അദ്ധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | അസിസ്ഥാനത്തിൽ ഉപകരണങ്ങളും രാസവസ്തുക്കളും ക്രമീകരിച്ചു വയ്ക്കുന്നു | | | | |
| 4 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഹെർബേറിയ തയ്യാറാക്കുന്നു വംശ നാശം സംഭവിക്കുന്ന ചെടികളെ കണ്ടെത്തി പട്ടികപ്പെടുത്തുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | | |
| 5 | നിരീക്ഷണ പാടവം ജിഞാസ എന്നിവ പരിപോഷിപ്പിക്കുന്നതിന് | ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ പൊതുവായി അവതരിപ്പിച്ച് കാണിച്ചു കൊടുക്കുന്നു കുട്ടികൾ അദ്ധ്യാപകരുടെ സഹായത്താൽ മോഡലുകൾ നിർമ്മിക്കുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | | |
| 6 | ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ | കുട്ടികൾ സ്വമേധയാ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ, ഇക്കോ ക്ലബ് | | |

| | | | | | | |
|---|---|---|---|---|---|---|
| | | അറിവുകൾ കവിതകൾ എന്നിവ പ്രയോജനപ്പെടുത്തി ശാസ്ത്ര മാഗസിൻ തയ്യാറാക്കുന്നു | | | | |
| 7 | ശാസ്ത്ര മേളയിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തൽ | മേളകളിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് പരമാവധി സഹായവും പ്രോത്സാഹനവും നൽകുന്നു | മാസത്തിൽ രണ്ട് തവണ | സയൻസ് അദ്ധ്യാപകർ | | |
| 8 | പരിസ്ഥിതി ബോധവത്കരണം | പരിസ്ഥിതി ദിനത്തിൽ മരം നട്ടു പിടിപ്പിക്കുന്നു<br><br>പോസ്റ്റർ, പ്ലകാർഡ് നിർമ്മാണം | ജൂൺ 5 | ഇക്കോ ക്ലബ്, ശാസ്ത്ര അദ്ധ്യാപകർ | | |
| 9 | സയൻസ് കോർണർ ക്രമീകരണം | ഓരോ ക്ലാസിലും ക്ലബ് ലീഡേഴ്സിൻറെ നേതൃത്വത്തിൽ സയൻസ് കോർണർ ഒരുക്കുന്നു . പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ | സെപ്റ്റംബർ | | | |

| | | | | | | |
|---|---|---|---|---|---|---|
| | | ക്ലാസ്സിൽ ചെയ്യുന്നതിനുള്ള അവസരം നൽകുന്നു | | | | |
| 10 | ശാസ്ത്ര പ്രദർശനം | സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ച് കൊണ്ട് ശാസ്ത്ര പരീക്ഷണങ്ങളും പ്രദശനവും നടത്തുന്നു | ജൂലൈ | സയൻസ് അദ്ധ്യാപകർ | | |

# സോഷ്യൽ സയൻസ്

**പൊതുലക്ഷ്യങ്ങൾ**

- പഠിതാക്കളെ ചരിത്രവബോധ്യമുള്ളവരാക്കുക. ചിരി ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക
- ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റിയെടുക്കുക
- സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക
- മതേതരതപം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളർത്തുക
- ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥല നിർണ്ണയം നടത്തുക
- കുട്ടികളെ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക
- വ്യത്യസ്തയിനം മണ്ണിനങ്ങളെക്കുറിച്ചു ജലാശങ്ങളെക്കുറിച്ചും , കാറ്റുകൾ സമുദ്രങ്ങൾ , പർവതങ്ങൾ പരിചയപ്പെടുത്തുക എന്ന ലക്ഷ്യം

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പുക്കുന്നു | കാടും മേടും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പുക്കുന്നു | ഓഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA മാനേജ്മെൻറ് | |
| 2 | വയൽ കിളികൾ | സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാനപരമായ അറിവുകൾ | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA മാനേജ്മെൻറ് | |

| | | | | | | |
|---|---|---|---|---|---|---|
| | | ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | | | | |
| 3 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുന്നു | സാമൂഹ്യ ശാസ്ത്രമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ ചെയ്യുന്നതിനായി ക്ലബ്ബ് രൂപീകരിക്കുന്നു | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA മാനേജ്മെൻറ് | |
| 4 | ഒന്നായി നമ്മൾ | സ്കൂൾ പാർലമെൻറ് രൂപീകരിക്കുന്നു പൗര ബോധം സാമൂഹ്യ സേവനം ഇവക്കായുള്ള പ്രവർത്തനം നടത്തുന്നു | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA മാനേജ്മെൻറ് | |
| 5 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുന്നു | സാമൂഹ്യ ശാസ്ത്രമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ ചെയ്യുന്നതിനായി | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA മാനേജ്മെൻറ് | |

| | | | | | | |
|---|---|---|---|---|---|---|
| | | ക്ലബ്ബ് രൂപീകരിക്കുന്നു | | | | |
| 6 | ഒന്നായി നമ്മൾ | സ്കൂൾ പാർലമെൻറ് രൂപീകരിക്കുന്നു പൗര ബോധം സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനം നടത്തുന്നു | ഒക്ടോബർ | | PTA മാനേജ്മെൻറ് | |
| 7 | സാമൂഹ്യ ശാസ്ത്ര ലാബുകൾ രൂപീകരിക്കുന്നു | സർവ്വേ , പ്രോജക്ട്, ചർച്ചകൾ , സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ, എന്നിവയിലൂടെ കുട്ടികളെ വളർത്താൻ ഉതകുന്ന പ്രവർത്തങ്ങൾ നടത്തുന്നു | നവംബർ, ഡിസംബർ | | PTA മാനേജ്മെൻറ് | |
| 8 | ചരിത്രത്തിലേക്ക് | വീഡിയോ പ്രദർശനം പ്രോജക്ട് റൂം ക്വിസ്സ് | | | PTA മാനേജ്മെൻറ് | |
| 9 | ചരിത്ര കൊട്ടാരം | വിവിധ മേഘലകളെക്കുറിച്ച് കുട്ടികൾ | | | PTA മാനേജ്മെൻറ് | |

| | | | | | | |
|---|---|---|---|---|---|---|
| | | അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം | | | | |

# ഗണിതം

**പൊതുലക്ഷ്യങ്ങൾ**

- ജ്യാമിതിയ ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു
- ജ്യാമിതിയ ഉപകരണങ്ങൾ  ഉപയോഗിച്ച് വിവിധ രൂപങ്ങൾ വരക്കുന്നു
- ചുറ്റുപാടും കാണുന്ന വസ്തുക്കളിൽ ഗണിത രൂപങ്ങൾ കണ്ടെത്തി അവയുടെ നിർമ്മിതി പരിചയപ്പെടുക
- ഗണിത രൂപങ്ങൾ ഉപയോഗിച്ച് പാറ്റേണുകൾ നിർമ്മിക്കുന്നത്തിലും പ്രയോഗിക്കുന്നതിലും പ്രാവീണ്യം നേടുക
- മേൽപറഞ്ഞ പ്രവർത്തങ്ങളിലൂടെ കൃത്യത സൂക്ഷ്മത , യുക്തി ചിന്ത, പ്രശ്ന പരിഹാര ശേഷി എന്നിവ വളർത്തുക
- രൂപങ്ങളുടെ നിർമിതിയിൽ സാങ്കേതിത വിദ്യയുടെ സാധ്യത ഉപയോഗിക്കുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | ക്ലബ്ബ് രൂപീകരണം | ഗണിതവുമായി ബന്ധപ്പെട്ട് പ്രവർത്തങ്ങളിൽ ഏർപ്പെട്ടുത്തുന്നതിനായി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു | ജൂലൈ | ഗണിത അധ്യാപകർ | PTA മാനേജ്മെൻറ് | |
| 2 | വരകളിലൂടെ | ഇസ്റ്റ്മെൻറ് ബോക്സിൻറെ ലഭ്യത, ഡെമോൺസ്ട്രഷൻ ക്ലാസ്സ് | അക്കാദമിക വർഷം | ഗണിത അധ്യാപകർ | PTA മാനേജ്മെൻറ് | |
| 3 | ശിൽപശാലകൾ | ഗണിത ക്ലബിൻറെ | അക്കാദമിക | ഗണിത | PTA | |

| | | | | | | |
|---|---|---|---|---|---|---|
| | | നേതൃത്വത്തിൽ ശിപശാലകൾ നടത്തി നിർമ്മിതങ്ങളെക്കുറിച്ച് ധാരണ നേടുന്നു | വർഷം | അധ്യാപകർ | മാനേജ്മെൻറ് | |
| 4 | ഫീൽഡ് ട്രിപ്പുകൾ | ഫീൽഡ് ട്രിപ്പുകൾ നടത്തി ചുറ്റുപാടുമുള്ള ഗണിത രൂപങ്ങൾ കണ്ടെത്തി ഗണിത ക്ലബിൽ ചർച്ച നടത്തി ക്രോഡീകരിക്കുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപകർ | PTA മാനേജ്മെൻറ് | |
| 5 | ഗണിത നൈപുണികൾ | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | ഗണിത അധ്യാപകർ | Maths Club | |
| 6 | ഗണിത പ്രവർത്തങ്ങളുടെ വേഗത ത്വരിതപ്പെടുത്തുന്നു | ഗണിത റിലേ , ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപകർ | Maths Club | |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

<u>പൊതു ലക്ഷ്യങ്ങൾ</u>

- വിവിധ തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം നേടുന്നതിനും അതു വഴി തങ്ങളുടെ ഇഷ്ട മേഖലകൾ ഏതെല്ലാമാണെന്ന് തിരിച്ചറിയുന്നതിനും പഠിതാവിനെ പ്രാപ്തനാക്കുന്നു
- തൊഴിൽ മനോഭാവം , തൊഴിൽ അഭിമുഖ്യം തൊഴിൽ ചെയ്യുന്നവരോടുള്ള ആദവര് , തൊഴിൽ നൈപുണി, നിർമ്മാണാത്മക കഴിവ് , എന്നിവ വികസിക്കുന്നതിൻറെ ആവശ്യകത ആസൂത്രണം ചെയ്യുക.
- പഠിതാക്കളുടെ നൈപുണി വികസനം വിലയിരുത്തുകയും, തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു
- പ്രാദേശിക വിഭവ സാധ്യത പ്രയോജനപ്പെടുത്തി മൃത നൈപുണികൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | കൃഷി | ചെണ്ടുമല്ലി കൃഷി ചെയ്യാൻ കുട്ടികളെ തയ്യാറാക്കുന്നു<br>സ്കൂൾ വളപ്പിൽ പച്ചക്കറി കൃഷി ആരംഭിക്കുന്നു<br>പാഴ്‌വസ്തുക്കൾ പ്രയോജനപ്പെടുത്തി ചെടികൾ നടുന്നതിനായി പ്രോത്സാഹിപ്പിക്കുന്നു<br>(ഉദാ : ഗ്രോ ബാഗ് ) | അക്കാദമിക വർഷം | WIE അദ്ധ്യാപിക | PTA മാനേജ്മെൻറ് | |

| | | | | | | |
|---|---|---|---|---|---|---|
| 2 | പ്രവർത്തിപരിചയ ക്ലബ്ബ് ഉദ്ഘാടനം | പ്രവൃത്തിപരിചയവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തങ്ങൾ ചെയ്യുന്നതിനായി പ്രവർത്തി പരിചയ ക്ലബ് രൂപം നൽകുന്നു | ജൂലൈ | WIE അദ്ധ്യാപിക | PTA മാനേജ്മെൻറ് | |
| 3 | വിദഗ്ദ്ധ ക്ലാസുകൾ | തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് വിദ്ഗ്ധരുടെ ലഭ്യത ഉറപ്പ് വരുത്തുന്നു . ഇത് കുട്ടികളുടെ തൊഴിൽ നൈപുണി വളർത്താൻ പ്രാപ് തരാക്കുന്നു | ഓഗസ്റ്റ് | വിദക്ത അധ്യാപകൻ | PTA CLUB | |
| 4 | Food Fest | ചുറ്റുപാടുകളിൽ നിന്നും ലഭ്യമായ പഴങ്ങൾ, പച്ചക്കറികൾ എന്നിവ ഉപയോഗിച്ച് ചെലവ് കുറഞ്ഞ രീതിയിൽ ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കുന്നു | സെപ്റ്റംബർ | WIE അദ്ധ്യാപിക | PTA CLUB | |
| 5 | തൊഴിൽ പരിശീലനം | എംബ്രോയിഡറി യിൽ താല്പര്യമുള്ള കുട്ടികളെ എംബ്രോയിഡറി പരിശീലിപ്പിച്ച് സ്വയം വരുമാനം ലഭ്യമാക്കാൻ പ്രാപതമാക്കുന്നു | അക്കാദമിക വർഷം | WIE അദ്ധ്യാപിക | PTA CLUB | |

# കല വിദ്യാഭ്യാസം

പൊതു ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- കലഭിരുചി വളർത്തുക
- ഓരോ കുട്ടിക്കും സവിശേഷമായ കഴിവിൻറെ വികസനത്തിന് അവസരം ഒരുക്കുന്നു
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാദ്ധ്യതകൾ കല പരിശീലനത്തിനായി പ്രയോജനപ്പെടുത്തുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | നിർവഹണ കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | സ്കൂൾ ആർട് ഗാലറി | കുട്ടികളുടെ മികവാർന്ന സൃഷ്ടികൾ ആർട് ഗാലറിയിൽ പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം | ART അദ്ധ്യാപിക | PTA മാനേജ്മെൻറ് | |
| 2 | ദിനാചരങ്ങളുമായി ബന്ധപ്പെട്ട് മൂല്യങ്ങൾ വളർത്തുന്നതിന് | കലാരൂപങ്ങളുടെ അവതരണത്തിലൂടെ ദിനാചരങ്ങൾ മികവുറ്റതാക്കുക | അക്കാദമിക വർഷം | ART അദ്ധ്യാപിക | PTA മാനേജ്മെൻറ് | |
| 3 | സംഗീത ദിനാചരണം | വ്യത്യസ്തങ്ങളായ ഗാന രൂപങ്ങളുടെ അവതരണം വ്യത്യസ്ത ഉപകരണങ്ങളുടെ അവതരണം | ജൂൺ 21 | ART അദ്ധ്യാപിക | PTA മാനേജ്മെൻറ് | |
| 4 | ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക | ICT സാധ്യതകൾ പ്രയോജനപ്പെടുത്തി വിവിധ | അക്കാദമിക വർഷം | ART അദ്ധ്യാപിക | PTA മാനേജ്മെൻറ് | |

| | | | | | | |
|---|---|---|---|---|---|---|
| | | കലാരൂപങ്ങളെക്കുറിച്ച് അറിയുന്നതിനും അവ സ്വായക്തമാക്കുന്നതിനും വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്നു | | | | |
| 5 | ഗോത വർഗ കലാരൂപങ്ങൾ ഗോത വർഗ കലാരൂപങ്ങൾ | പരിചയപ്പെടുക അവയുടെ പിന്നിലെ ഐതിഹ്യങ്ങൾ പറഞ്ഞു മനസിലാക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | ART അദ്ധ്യാപിക | PTA മാനേജ്മെൻറ് | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

<u>പൊതു ലക്ഷ്യങ്ങൾ</u>

- കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നു
- കുട്ടികൾക്ക് അനുയോജ്യമായ കായിക ഇനങ്ങളുടെ സ്വായത്തമാക്കുന്നു
- ജീവിത ശൈലി രോഗങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു

| Sl No | മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | Remarks |
|---|---|---|---|---|---|---|
| 1 | ക്ലബ് രൂപീകരണം | ക്ലബ് രൂപീകരിക്കുകയും സ്പോർട്സ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു | ജൂൺ | P E Teacher | P T A Management | |
| 2 | കായികക്ഷമത കൈവരിക്കൽ | യോഗ<br>സുംബാ<br>അത്ലറ്റിക്സ്<br>കരാട്ടെ പരിശീലനം | അധ്യയന വർഷം | P E Teacher | PTA Management | |
| 3 | വിവിധ ഗെയിമുകൾ പരിശീലിപ്പിക്കുന്നു | പ്രധാനമായും ഫുട്ബോൾ, ഷട്ടിൽ, ഹോക്കി എന്നിവ പരിശീലിപ്പിക്കുന്നു | ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ | P E Teacher | PTA Management | |
| 4 | റോഡ് നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു | റോഡ് നിയമങ്ങളെക്കുറിച്ചുള്ള ധാരണ സീബ്ര ലെയിൻ ചിത്ര നിരീക്ഷണം വാർത്ത , കൊളാഷ് വിശകലനം | ഒക്ടോബർ | ……….. | PTA | |
| 5 | സുംബ പരിശീലനം | വരാന്തകൾ ഗ്രൗണ്ടുകൾ എന്നിവിടങ്ങളിൽ | അക്കാദമിക വർഷം | കായിക അധ്യാപകൻ | | |

| | | | | | | |
|---|---|---|---|---|---|---|
| | | സംഗീതത്തിൻറെ സഹായത്തോടെ താളാത്മകമായി നിശ്ചിത സമയം ചെയ്യുന്നു | | | | |

# ICT

**പൊതു** <u>ലക്ഷ്യങ്ങൾ</u>

- സ്മാർട് ക്ലാസ്സ് റൂം ഫലപ്രദമായി ഉപയോഗിക്കുന്നു
- സാങ്കേതിക വിദ്യകൾ നൂതനലാക്കുന്നതിനോടൊപ്പം അവയുടെ ദുരുപഗോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവാന്മാരാക്കുന്നു
- സ്വതന്ത്ര സോഫ്റ്റ് വെയേഴ്സിനിനെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നു
- സാങ്കേതിക ഉപകരണങ്ങൾ സുഖമായി കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് ലഭിക്കുന്നു

| Sl No | മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | Remarks |
|---|---|---|---|---|---|---|
| 1 | ക്ലബ് ഉദ്ഘാടനം(L K) | ക്ലബ് ഉദ് ഘാ ടനവും ഈ വർഷത്തെ പ്രവർത്തങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു | ജൂലൈ | I T Teacher | P T A Management | |
| 2 | ഡിജിറ്റൽ Documentation | അക്കാദമിക വർഷത്തിൽ നടക്കുന്ന ദിനാചരങ്ങൾ ഒത്തിണക്കി ഡിജിറ്റൽ Documentaion തയ്യാറാക്കുന്നു | അക്കാദമിക വർഷം | L K lub | PTA Management | |
| 3 | പോസ്റ്റർ നിർമ്മാണം | വിവിധ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ നിർമ്മിക്കുന്നു | അക്കാദമിക വർഷം | L K Club | PTA Management | |
| 4 | ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഡിജിറ്റൽ രംഗത്ത് നേരിടുന്ന വെല്ലുവിലുകളെന്ന വിഷയത്തെ ആസ് പദമാക്കി വിധക്ത അദ്ധ്യാപകരുടെ സഹായത്താൽ | ഒക്ടോബർ | I T Teachers | PTA Management | |

| | | | | | | |
|---|---|---|---|---|---|---|
| | | ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | | | | |
| 5 | ആർഡിനോ കിറ്റ് പരിചയപ്പെടുത്തുന്നു | L K വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ആർഡിനോ കിറ്റ് പൊതുവായി ക്ലാസ്സുകളിൽ പരിചയപ്പെട്ടുത്തി നൽകുന്നു | ഒക്ടോബർ | I T Teacher | PTA Management | |
| 6 | Digital World | ഡിജിറ്റൽ ഉപയോഗം മെച്ചപ്പെടുത്തുന്നതിനായി L K ക്ലബിൻറെ നേതൃത്വത്തിൽ U P ക്ലാസ്സുകളിൽ പഠന പിന്തുണ നൽകുന്നു | നവംബർ | L K Club | PTA Management | |
| 7 | ഡിജിറ്റൽ Expo | ഡിജിറ്റൽ എക്സ്പോ നടത്തുന്നു | ഡിസംബർ | I T Teacher | PTA Management | |